# കർമ്മങ്ങളുടെ ശ്രേഷ്ഠതകൾ

[ Malayalam]

# فضائل الأعمال

[ باللغة مليالم ]


ക്രോഡീകരണം: വൈജ്ഞാനിക വിഭാഗം,

ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ

സുലൈ – റിയാദ് – സൗദി അറേബ്യ

إعداد :

اللجنة العلمية بالمكتب

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي بمدينة الرياض

المملكة العربية السعودية

വിവർത്തനം:

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി

ترجمة: عبد اللطيف سلمي

## *പരമകാരുണികനായ അല്ലാഹുവിന്റെ നാമത്തിൽ*

**സർവ്വസ്തുതിയും അല്ലാഹുവിന്ന്, അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ് നബി (സ)യിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അല്ലാഹുവിന്റെ അളവററ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.**

മാന്യ സഹോദരാ, സ്വഹീഹും കുററമററതുമായ ഹദീസുകളാൽ സ്ഥിരപ്പെട്ട, കർമ്മങ്ങളുടെ ശ്രേഷ്ഠതകളും പ്രതിഫലവും വിവരിക്കുന്ന തിരഞ്ഞെടുത്ത നബിവചനങ്ങളുടെ വിവർത്തനമാണ് താങ്കളുടെ കയ്യിലിരിക്കുന്ന ലഘുലേഖ. പ്രവാചകൻ(സ)യിൽ നിന്നും സ്ഥിരപ്പെട്ട ഇവിടെ വിവരിക്കപ്പെട്ടതും അല്ലാത്തതുമായ അമലുകൾ (കർമ്മങ്ങൾ) മുഖേനെ അല്ലാഹുവിലേക്ക് അടുത്ത് അവന്റെ പ്രീതി തേടൽ ഓരോ മുസ്ലിമിനും നിർബന്ധമാണ്. അതുപോലെ അവ തനിക്കും മററുള്ളവർക്കും കൂടി പ്രയോജനമാകും വിധം പ്രചരിപ്പിക്കലും അനിവാര്യമാണ്. ഇക്കാര്യം നബിവചനത്തിലൂടെ നമുക്ക് മനസ്സിലാക്കാവുന്നതാണ്. അല്ലാഹു പ്രവാചകചര്യ പിൻപററി ജീവിക്കാനും അത് മററുള്ളവർക്ക് എത്തിച്ചു കൊടുക്കാനും അതിലൂടെ പരലോക മോക്ഷം നേടാനും നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

### *1. വുദുവിന്റെ ശ്രേഷ്ഠത*

1 عن عقبة بن عامر ﵁ أدركت رسـول الله ﷺ قائمـا يحـدث الناس ما من مسلم يتوضأ فيحسن وضوءه ثم يقـوم فيـصلي ركعتين مقبل عليهما بقلبه ووجهه إلا وجبت لـه الجنـة (رواه مسلم 553)

ഉഖ്ബത് ബ്നു ആമിർ (റ) വിൽ നിന്ന് നബി(സ) ജനങ്ങളോട് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു. “ഏതൊരു മുസ്ലിമാണോ നേരാംവണ്ണം വുദുവുണ്ടാക്കി തൻെറ മുഖവും മനസ്സും അല്ലാഹുവിലേക്ക് തിരിച്ച് രണ്ട് റക്അത്ത് നമസ്കരിക്കുന്നത് അവന് സ്വർഗ്ഗം നിർബന്ധമായിത്തീരുന്നതാണ് ” (മുസ്ലിം 553)

**من أحد يتوضأ فيبلغ- أو فيسبغ - الوضوء ثم يقول {أشهد أن لا إله إلا الله وأن محمدا عبده ورسوله إلاّ فتحت له أبواب الجنة الثمانية يدخل من أيها شاء (مسلم)**

ഉമർ(റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: “നിങ്ങളിൽ ആരാണോ പൂർണ്ണമായ നിലയിൽ വുദു നിർവ്വഹിച്ച ശേഷം **അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹു വ അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു** (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനില്ലെന്നും അവൻ ഏകനും പങ്കാരില്ലാത്തവനുമാണെന്നും; മുഹമ്മദ് (സ) അവൻെറ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന് പറയുന്നത്; സ്വർഗ്ഗത്തിൻെറ എട്ട് കവാടങ്ങൾ അവന് വേണ്ടി തുറക്കപ്പെടാതിരിക്കുകയില്ല. അവൻ ഉദ്ദേശിക്കുന്നതിലൂടെ അവന് പ്രവേശി ക്കാവുന്നതാണ് ” (മുസ്ലിം)

## *2. നമസ്കാര ശ്രേഷ്ഠത*

1. **عن أبي هريرة ﷺ قال، قال رسول الله ﷺ صلاة الرجل في جماعة تزيد على صلاته في بيته وصلاته في سوقه بضعا وعشرين درجة. وذلك أنّ أحدهم إذا توضأ فأحسن الوضوء ثم أتى إلى المسجد لا ينهزه إلاّ الصلاة ، لا يريد إلاّ الصلاة فلم يخط خطوة إلاّ رفع له بها درجة وحط عنه بها خطيئة حتى يدخل المسجد . فإذا دخل المسجد كان في الصلاة ما كانت الصلاة هي تحبسه والملائكة يصلون على أحدكم ما دام في مجلسه الذي صلى فيه ، يقولون: اللهم ارحمه، اللهم اغفر له اللهم تب عليه ما لم يؤذ فيه، ما لم يحدث فيه (مسلم 1506)**

അബൂ ഹുറൈറയിൽ നിന്ന്: നബി(സ) പറഞ്ഞു: ‘‘ജമാഅത്തായുള്ള ഒരാളുടെ നമസ്കാരം അവൻ അങ്ങാടിയിലോ വീട്ടിലോ  വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ഇരുപതിൽ പരം മടങ്ങ് വർദ്ധനവുള്ളതാണ്. കാരണം ഒരാൾ നല്ല നിലക്ക് വുദു നിർവ്വഹിച്ച് നമസ്കാരം ഉദ്ദേശിച്ച് മാത്രം പള്ളിയിലേക്ക് പോകുന്നുവെങ്കിൽ പള്ളിയിൽ പ്രവേശിക്കുന്നത് വരെയുള്ള അവൻെറ ഓരോ കാൽവെപ്പുകൾക്കും ഓരോ നന്മ രേഖപ്പെടുത്തുകയും അത് മുഖേനെ അവൻെറ ഓരോ തിന്മ മായ്ച്ചുകളയുകയും ചെയ്യുന്നതാണ്. ഇനി അവൻ പള്ളിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ നമസ്കാരത്തിനായി അവൻ പള്ളിയിൽ കഴിഞ്ഞുകൂടുന്ന അത്രയും സമയം അവൻ നമസ്കാരത്തിലായിരിക്കും (പോലെ പ്രതിഫലത്തിലായിരിക്കും). നമസ്കാരം നിർവ്വഹിച്ച സ്ഥലത്ത് വുദുവോട് കൂടി ഇരിക്കുന്ന അത്രയും സമയം നിങ്ങൾക്ക് വേണ്ടി മലക്കുകൾ ഇപ്രകാരം പ്രാർ ത്ഥിച്ചുകൊണ്ടേയിരിക്കുന്നതുമാണ്. ‘അല്ലാഹുവേ ഇവന് നീ  കരുണ ചൊരിയേണമേ, അല്ലാഹുവേ ഇവന് നീ പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവേ ഇവൻെറ പശ്ചാതാപം നീ സ്വീകരിക്കേണമേ’’ (മുസ്ലിം നമ്പർ: 1506)

നമസ്കാരം പള്ളിയിൽ വെച്ച് സംഘടിതമായി നിർവ്വഹിക്കേണ്ടതിൻെറ ഗൗരവവും അതിനുള്ള ശ്രേഷ്ഠതയുമാണ് മുകളിൽ കൊടുത്ത ഹദീസിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. അല്ലാഹു നമുക്ക് ചെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുക; ജമാഅത്ത് നമസ്കാരം പതിവാക്കുക.

**2.عن أبي أمامة ﷺ أنّ رسول الله ﷺ قال من خرج من بيته متطهرا إلى صلاة مكتوبة فأجره كأجر الحاج المحرم ومن خرج إلى تسبيح الضحى لا ينصبه إلا إياه فأجره كأجر المعتمر ، وصلاة على إثر صلاة لا لغو بينهما كتاب في العليين (أبو داود حسنه الألباني)**

2. അബൂ ഉമാമ: (റ): നബി(സ) പറഞ്ഞു: ‘‘വല്ലവനും തൻെറ വീട്ടിൽ നിന്നും ശുദ്ധി വരുത്തി നിർബന്ധ

നമസ്കാരത്തിനായി പുറപ്പെട്ടാൽ അവനുള്ള പ്രതിഫലം ഇഹ്റാമിൽ പ്രവേശിച്ചവനായി ഹജ്ജിന് പുറപ്പെട്ടവനുള്ള പ്രതിഫലമായിരിക്കും. ളുഹാ നമസ്കാരം മാത്രം ഉദ്ദേശിച്ച് അത് നിർവ്വഹിക്കാനായി പുറപ്പെട്ടവന് ഉംറ നിർവ്വഹിക്കുന്നവനുള്ള പ്രതിഫലവുമാണ്. ഒരു നമസ്കാരത്തിനു ശേഷം യാതൊരു വിധ അനാവശ്യവും പ്രവർത്തിക്കാതെ മറ്റൊരു നമസ്കാരം നിർവ്വഹിക്കുന്നവൻെറ ഗ്രന്ഥം ഇല്ലിയ്യീനിൽ രേഖപ്പെടുത്തുന്നതാണ്'' (അബൂദാവൂദ് 588. സ്വഹീഹ് അൽബാനി)

**3.عن عثمان بن عفان ﷺ سمعت رسول الله ﷺ يقول من صلّى العشاء في جماعة فكأنما قام نصف الليل ومن صلى الصبح في جماعة فكأنما صلى الليل كله (رواه مسلم 1491)**

3. ഉഥ്മാൻ (റ) വിൽ നിന്ന്: നബി(സ)പറയുന്നത് ഞാൻ കേട്ടു ''ആരെങ്കിലും ഇശാഅ് നമസ്കാരം ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി പകുതി സമയം നമസ്കരിച്ചവനെപ്പോലെയാണ്. ആരെങ്കിലും സുബ്ഹി നമസ്കാരം ജമാഅത്തായി നമസ്കരിച്ചാൽ അവൻ രാത്രി മുഴുവനും നമസ്കരിച്ചവനെ പോലെയുമാണ്.'' (മുസ്ലിം1491)

**4. عن أبي هريرة ﷺ أنّ رسول الله ﷺ من اغتسل يوم الجمعة غسل الجنابة ثم راح فكأنما قرّب بدنه ومن راح في الساعة الثانية فكأنما قرب بقرة ومن راح في الساعة الثالثة فكأنما قرب كبشا أقرن ومن راح في الساعة الرابعة فكأنما قرب دجاجة ومن راح في الساعة الخامسة فكأنما قرب بيضة فإذا خرج الإمام حضرت الملئكة يستمعون الذكر ( البخاري 881)**

4. അബൂഹുറൈറ (റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: വല്ലവനും വെള്ളിയാഴ്ച ദിവസം വലിയ അശുദ്ധിയിൽ നിന്നും (കുളിക്കും പ്രകാരം) കുളിച്ച് (നേരത്തെ പള്ളിയിലേക്ക്) പോയാൽ അവൻ ഒരു ഒട്ടകത്തെ ബലി നൽകിയവനെപ്പോലെയാണ്. രണ്ടാം സമയത്ത് പോയാൽ അവൻ ഒരു പശുവിനെ ബലി നൽകിയവ

നെപ്പോലെയാണ്. മൂന്നാം സമയം പോയാൽ അവൻ ഒരു ആടിനെ ബലി നൽകിയവനെപ്പോലെയാണ്. നാലാം സമയം പോയാൽ അവൻ ഒരു കോഴിയെ ബലി നൽകിയവനെപ്പോലെയാണ്. അഞ്ചാം സമയത്ത് പോയാൽ അവൻ ഒരു കോഴിമുട്ട ബലി നൽകിയവനെപ്പോലെയാണ്. ഇമാം (ഖുതുബ നിർവ്വഹിക്കാൻ) പുറപ്പെട്ടാൽ പിന്നീട് മലക്കുകൾ ഉൽബോധനം കേൾക്കുന്നതുമാണ്. (ബുഖാരി 881)

**5. عن أبي هريرة ﷺ قال: قال رسول الله ﷺ من شهد الجنازة حتى يصلي عليها فله قيراط ومن شهدها حتى تدفن فله قيراطان. قيل فما القيراطان ؟ قال مثل الجبلين العظيمين (رواه مسلم 2189)**

5. അബൂഹുറൈറ(റ)വിൽ നിന്ന്: നബി (സ) പറഞ്ഞു: ''വല്ലവനും മയ്യത്തിന് സാക്ഷ്യം വഹിച്ച് (സന്ദർശിച്ച്) മയ്യിത്തിന് വേണ്ടി ന മസ്കാരം നിർവ്വഹിച്ചാൽ അവന് ഒരു ഖീറാത്ത് പ്രതിഫലമുണ്ട്. മറവ് ചെയ്യുന്നത് വരെ അതിനെ അനുഗമിച്ചവന് രണ്ട് ഖീറാത്തുമുണ്ട്. എന്താണ് രണ്ട് ഖീറാത്ത് എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:അത് വലിയ രണ്ട് പർവ്വതങ്ങളെപ്പോലെയുള്ളതാണ്'' (മുസ്ലിം 2189)

**6. عن عائشة رضي الله عنها عن النبي ﷺ قال ركعتا الفجر خير من الدنيا وما فيها (مسلم 1688)**

ആയിഷ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: ''ഫജ്റിന് മുമ്പുള്ള രണ്ട് റക്അത്ത് ഈ ലോകവും അതിലെ വസ്തുക്കളെക്കാളും ഉത്തമമാണ്'' (മുസ്ലിം 1688)
സുബ്ഹിക്ക് മുമ്പുള്ള സുന്നത്ത് നമസ്കാരമാണ് ഉദ്ദേശ്യം. പതിവായി അത് നിർവ്വഹിക്കുന്ന ഒരാൾക്ക് ജമാഅത്തിന് മുമ്പ് അത് നഷ്ടപ്പെട്ടാൽ സുബ്ഹി നമസ്കാരത്തിന് ശേഷവും അത് നിർവ്വഹിക്കാവുന്നതാണ്.

**7. عن أبي ذر ﷺ عن النبي ﷺ أنه قال يصبح على كل سلامى من أحدكم صدقة فكل تسبيحة صدقة وكل تحميدة صدقة و كل**

تهليلة صدقة وكل تكبيرة صدقة وأمر بالمعروف صدقة ونهي عن المنكر صدقة ويجزئ من ذلك ركعتان يركعهما من الضحى (مسلم 1671)

7. അബൂദർറ് (റ) വിൽ നിന്ന്: നബി(സ) പറഞ്ഞു: ''എല്ലാ പുലരിയിലും നിങ്ങളുടെ ഓരോ സന്ധിയിലും നിങ്ങൾക്ക് ധർമ്മമുണ്ട്. **സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്, ലാ ഇലാഹ ഇല്ല ല്ലാഹ്, അല്ലാഹു അക്ബർ** എന്നിവകളെല്ലാം ധർമ്മമാണ്. നന്മ കൽപ്പിക്കൽ ധർമ്മ മാണ്. തിന്മ വിരോധിക്കൽ ധർമ്മമാണ്. രണ്ട് റക്അ ത്ത് ളുഹാ നമസ്കാരം നിർവ്വഹിക്കൽ ഇവക്കെല്ലാം പകരമാകുന്നതുമാണ്'' (മുസ്ലിം 1671)

8. عن أم حبيبة رضي الله عنها قالت قال النبي ﷺ من صلى في يوم اثنتي عشرة سجدة تطوعا بنى له بيتا في الجنة (مسلم 1695)

8. ഉമ്മു ഹബീബ:(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: ''ഒരാൾ ഒരു ദിവസം പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരം നിർവ്വഹിച്ചാൽ സ്വർഗ്ഗത്തിൽ അവന് ഒരു വീട് നിർ മ്മിക്കപ്പെടുന്നതാണ് '' (മുസ്ലിം 1695)

ളുഹറിന് മുമ്പ് നാല് ശേഷം രണ്ട്, മഗ്രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സുബ്ഹിക്ക് മുമ്പ് രണ്ട് എന്നിവയാണത്.

ഇവയല്ലാതെയും സുന്നത്ത് നമസ്കാരങ്ങൾ ഫറദ് നമസ്കാരങ്ങളുമായി ബന്ധപ്പെടുത്തി നബി(സ) നമ സ്കരിച്ചതായി റിപ്പോർട്ടുകളുണ്ട്. എന്നാൽ ഏററവും ശ്രേഷ്ഠമായ പന്ത്രണ്ട് റക്അത്തുകളാണ് മുകളിൽ കൊടുത്ത ഹദീസിൽ പറയപ്പെട്ടത്.

9. عن جابر رضي الله عنه أن رسول الله ﷺ صلاة في مسجدي أفضل من ألف صلاة فيما سواه إلاّ المسجد الحرام وصلاة في المسجد الحرام أفضل من مائة ألف صلاة فيما سواه ( ابن ماجة وصححه الألباني)

9. ജാബിർ (റ) വിൽ നിന്ന്: നബി(സ) പറഞ്ഞു: ‘‘എന്റെ ഈ പള്ളിയിൽ (മദീനയി ലെ മസ്ജിദുന്നബവി) വെച്ചുള്ള നമസ്കാരം മസ്ജിദുൽ ഹറം ഒഴിച്ച് മററ് പള്ളികളിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ആയിരം ഇരട്ടി ശ്രേഷ്ഠതയുള്ളതാണ്. മസ്ജിദുൽ ഹറമിൽ വെച്ച് നമസ്കരിക്കുന്നത് അതല്ലാത്ത മററ് പള്ളികളിൽവെച്ച് നമസ്കരിക്കുന്നതിനേക്കാൾ ഒരു ലക്ഷം ഇരട്ടി ശ്രേഷ്ഠതയുള്ളതാണ്’’ (ഇബ്നു മാജ: അൽബാനി(റ) സ്വഹീഹ് 1406)

10. عن سهل بن حنيف ﷺ قال، قال النبي ﷺ من تطهر في بيته ثم أتى مسجد قباء فصلى فيه كان له كأجر عمرة (رواه ابن ماجة وصححه الألباني)

10. സഹ്‌ലു ബ്നു ഹനീഫ് (റ) വിൽ നിന്ന്: നബി(സ) പറഞ്ഞു: ‘‘വല്ലവനും വീട്ടിൽ നിന്ന് ശുദ്ധിയുണ്ടാക്കി ഖുബാഅ് പള്ളിയിൽ ചെന്ന് നമസ്കരിച്ചാൽ അവന്ന് ഉംറ നിർവ്വ ഹിച്ച പ്രതിഫലം ലഭിക്കുന്നതാണ്’’ (ഇബ്നുമാജ: 1412, അൽബാനി(റ) സ്വഹീഹാണ് എന്ന് രേഖപ്പെടുത്തിയ ഹദീസ്)

നബി(സ) മദീനയിൽ എത്തി ആദ്യമായി നിർമ്മിച്ച പള്ളിയാണ് മസ്ജിദ് ഖുബാഅ്.

## *3. നോമ്പിന്റെ ശ്രേഷ്ഠത*

1. عن أبي هريرة ﷺ قال، قال رسول الله ﷺ كل عمل ابن آدم يضاعف الحسنة عشر أمثالها إلى سبع مائة ضعف قال الله عز وجل: إلا الصوم فإنه لي وأنا أجزي به يدع شهوته وطعامه من أجلي للصائم فرحتان . فرحة عند الإفطار وفرحة عند لقاء ربه ولخلوف فيه أطيب عند الله من ريح المسك ( مسلم 2707)

1. അബൂ ഹുറൈറ (റ)വിൽനിന്ന്: നബി (സ) പറഞ്ഞു: ‘‘മനുഷ്യ പുത്രന്റെ കർമ്മങ്ങളെല്ലാം പത്ത് ഇരട്ടി മുതൽ എഴുനൂറ് ഇരട്ടിവരെ വർദ്ധനവ് ലഭിക്കപ്പെടുന്നതാണ്; അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ. നോമ്പ്

എനിക്ക് (മാത്രം) ഉള്ളതാണ് അതിന് ഞാൻ പ്രതിഫലം നൽകുന്നതാണ്. അവൻ തന്റെ ഭക്ഷണങ്ങളും ആഗ്രഹങ്ങളും ഉപേക്ഷിച്ചത് എനിക്ക് വേണ്ടിയാണ്. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട് ഒന്ന് നോമ്പ് തുറക്കുമ്പോഴുള്ള സന്തോഷം മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോഴുള്ള സന്തോഷവും. നോമ്പുകാരന്റെ വായക്ക് അല്ലാഹുവിങ്കൽ കസ്തൂരിയേക്കാൾ വിശിഷ്ടമായ സുഗന്ധമായിരിക്കും'' (മുസ്ലിം 2707)

**2. عن أبي قتادة ﷺ .... يا رسول ﷺ كيف بمن يصوم الدهر كله ؟ ثم قال ثلاث من كل شهر ورمضان إلي رمضان فهذا صيام الدهر كله. صيام عرفة أحتسب على الله أن يكفر السنة التي قبله والسنة التي بعده. وصيام يوم عاشوراء أحتسب على الله أن يكفر السنة التي قبله (رواه مسلم)**

2. അബൂ ഖതാദ:(റ) വിൽ നിന്ന്: . പ്രവാചകരേ എങ്ങിനെയുണ്ടാകും കൊല്ലം മുഴുവൻ നോമ്പ് നോക്കുന്നവരുടെ അവസ്ഥ. നബി (സ) പറഞ്ഞു: റമദാൻ കഴിഞ്ഞാൽ അടുത്ത റമദാൻ വരെ എല്ലാ മാസത്തിലും മൂന്ന് ദിവസം നോമ്പ് അനുഷ്ഠിക്കുക, (ചന്ദ്രമാസങ്ങളിലെ 13,14,15 തീയതികളായ പൗർണ്ണമി ദിവസങ്ങൾ) അതാണ് കൊല്ലം മുഴുവനും നോമ്പ് അനുഷ്ഠിക്കൽ. അറഫാ ദിവസത്തെ നോമ്പ് അത് കഴിഞ്ഞതും വരാനിരിക്കുന്നതുമായ ഓരോ വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുന്നതുമാണ്. ആശൂറാഅ് (മുഹർറം പത്ത്) ദിവസമാകട്ടെ കഴിഞ്ഞുപോയ ഒരു വർഷത്തെ പാപം അതുമൂലം പൊറുക്കപ്പെടുന്നതാണ്. (മുസ്ലിം 2746)

**3. عن أبي أيوب الأنصاري ﷺ قال سمعت رسول الله ﷺ من صام رمضان ثم أتبعه ستا من شوال كان كصيام الدهر ( مسلم 2759)**

3. അബൂ അയ്യൂബുൽ അൻസ്വാരി(റ) വിൽ നിന്ന്: നബി(സ) ഇങ്ങിനെ പറയുന്നത് ഞാൻ കേട്ടു ''ആരെങ്കിലും റമദാൻ നോമ്പ് അനുഷ്ഠിച്ച ശേഷം ശവ്വാലിൽ നിന്നും ആറ് ദിവസവും കൂടി അതിനോട് തുടർന്നാൽ

അവൻ കൊല്ലം മുഴുവൻ നോമ്പനുഷ്ഠിച്ചവനെ പോലെയായി'' (മുസ്ലിം 2759)

**4.عن زيد بن خالد الجهني ﷺ قال، قال رسول الله ﷺ من فطر صائما كان له مثل أجره غير أنه لا ينقص من أجر الصائم شيئا ( رواه الترمذي 807)**

4. സൈദ്ബ്നുൽ ഖാലിദ് (റ) വിൽ നിന്ന്: നബി(സ) പറയുന്നു: ''ആരെങ്കിലും ഒരു നോമ്പുകാരനെ നോമ്പ് തുറപ്പിച്ചാൽ നോമ്പ് നോററവൻെറ അതേ പ്രതിഫലം അവനും ലഭിക്കുന്നതാണ്; നോമ്പുകാരൻെറ പ്രതിഫലത്തിൽ നിന്നും ഒന്നും കുറക്കപ്പെപ്പെടാതെ തന്നെയാണിത്'' (തുർമുദി 807).

## *4. ഹജ്ജിൻേറയും ഉംറയുടേയും ശ്രേഷ്ഠത*

**1. عن أبي هريرة ﷺ أن رسول الله ﷺ قال العمرة إلى العمرة كفارة لما بينهما. والحج المبرور ليس له جزاء إلا الجنة (رواه مسلم 3289)**

1. അബൂഹുറൈറ (റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: ''ഒരു ഉംറ നിർവ്വഹിച്ച് പിന്നീടൊരു ഉംറ കൂടി നിർവ്വഹിച്ചാൽ അത് അവക്കിടയിലുള്ള (പാപങ്ങൾക്കുള്ള) പ്രായശ്ചിത്തമാണ്. പുണ്യകരമായ ഹജ്ജിന് സ്വർഗ്ഗമല്ലാതെ പ്രതിഫലവുമില്ല'' (മുസ്ലിം 328) ഒരേ യാത്രയിൽ ഒന്നിലധികം തവണ ഉംറ നിർവ്വഹിക്കുന്നതിന് പ്രവാചക മാതൃകയില്ല. (വിവർത്തകൻ)

**2. عن ابن عباس ﷺ قال، قال رسول الله ﷺ عمرة في رمضان تقضي حجة أو حجة معي (رواه مسلم)**

2. ഇബ്നു അബ്ബാസ്(റ)വിൽ നിന്ന്: നബി (സ) പറഞ്ഞു: ''റമദാനിലെ ഒരു ഉംറ ഹജ്ജിന് തുല്യമാണ്. അതല്ലെങ്കിൽ എൻെറ കൂടെയുള്ള ഹജ്ജിന് തുല്യമാണ്'' (മുസ്ലിം 3039)

## 5. പ്രാർത്ഥനാ കീർത്തനങ്ങൾ

عن جويرية رضي الله عنها أن النبي ﷺ خرج من عندها بكرة حين صلى الصبح وهي في مسجدها ثم رجع بعد أضحى وهي جالسة فقال ما زلت على الحال التي فارقتك عليها ؟ قالت نعم . قال النبي ﷺ لقد قلت بعدك أربع كلمات ثلاث مرات لو وزنت بما قلت منذ اليوم لوزنتهن : سبحان الله وبحمده عدد خلقه ورضا نفسه وزنة عرشه ومداد كلماته (رواه مسلم 6913 )

1. ജുവൈരിയ്യ (റ) യിൽ നിന്ന്: ''നബി(സ) ഒരിക്കൽ അവരുടെ അടുത്ത് നിന്ന് പ്രഭാത നമസ്കാരം കഴിഞ്ഞ് പുറത്ത് പോയി. പിന്നീട് ളുഹാ സമയം നബി(സ) തിരിച്ചു വന്നു. അന്നേരം അവർ പള്ളിയിൽ തന്നെ ഇരിക്കുകയായിരുന്നു. അപ്പോൾ നബി(സ) ചോദിച്ചു: നീ, ഞാൻ പോകുന്ന അതേ അവസ്ഥയിൽ തന്നെ ഇരിക്കുകയാണോ? അവർ പറഞ്ഞു അതെ. അപ്പോൾ നബി(സ) പറഞ്ഞു: നീ **സുബ്ഹാനല്ലാഹി വബിഹംദിഹി അദദ ഖൽഖിഹി വ രിദ്വാ നഫ്സിഹി വ സിനത അർശിഹി വ മിദാദ കലിമാതിഹി** (അല്ലാഹുവിൻെറ വചനങ്ങൾ രേഖപ്പെടുത്തിയ മഷി കണക്കെ, അവൻെറ സിംഹാസനത്തിൻെറ തൂക്കം കണക്കെ, അവൻെറ മനസ്സിൻെറ തൃപ്തി കണക്കെ, അവൻെറ സൃഷ്ടികളുടെ എണ്ണം കണക്കെ അവനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ വാഴ്ത്തുന്നു) എന്നീ നാല് വചനങ്ങൾ മൂന്ന് തവണ പറയുകയും എന്നിട്ടത് തൂക്കി നോക്കുകയും ചെയ്താൽ തീർച്ചയായും ഇന്നു മുതൽ നീ പറയുന്നവയേക്കാൾ അത് ഘനം തൂങ്ങുക തന്നെ ചെയ്യുന്നതായിരിക്കും'' (മുസ്ലിം 6913)

2. عن أبي هريرة رضي الله عنه أن رسول الله ﷺ قال: من قال لاإله إلا الله وحده لا شريك له، له الملك وله الحمد وهو على كل شيء قدير، في يوم مائة مرة كانت له عدل عشر رقاب وكتبت له مائة حسنة ومحيت عنه مائة سيئة وكانت له حرزا من الشيطان يومه ذلك حتى يمسي ، ولم يأت أحد بأفضل مما جاء به إلا أحد عمل أكثر من ذلك. ومن قال سبحان الله وبحمده في يوم مائة

**مرة حطت خطاياه ولو كانت مثل زبد البحر (رواه مسلم 6842)**

2. അബൂഹുറൈറ(റ) വിൽ നിന്ന്: നബി (സ) പറഞ്ഞു: ‘‘ആരെങ്കിലും **ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വ ഹുവ അലാ കുല്ലി ശൈഇൻ ഖദീർ** (അല്ലാഹുവല്ലാതെ ഒരാ രാധ്യനുമില്ല, അവനാണ് എല്ലാ ആധിപത്യവും, സ്തുതികളും അവന് തന്നെ, അവൻ എല്ലാററിനും കഴിവു ള്ളവനുമാണ്) എന്ന് ഒരു ദിവസം നൂറ് തവണ പറ ഞ്ഞാൽ അവന് പത്ത് അടിമകളെ മോചിപ്പിച്ച പ്രതി ഫലമുണ്ടായിരിക്കും, അവന് നൂറ് നന്മകൾ രേഖപ്പെ ടുത്തുകയും അവൻെറ നൂറ് പാപങ്ങൾ മായ്ക്കപ്പെ ടുകയും ചെയ്യും. പ്രസ്തുത ദിവസം വൈകുന്നേര മാകും വരെ പിശാചിൽ നിന്നും അത് അവന് സംരക്ഷ ണവുമായിരിക്കും. ഇത് മുഖേനെ ലഭിക്കുന്നതിനേ ക്കാൾ ശ്രേഷ്ഠകരമായ ഒരു കാര്യവും ഒരാൾക്കും പ്രവർത്തിക്കാനാവുകയില്ല; ഇത് അധികരിപ്പിച്ചാലല്ലാ തെ. ആരെങ്കിലും **സുബ്ഹാനല്ലാഹി വബി ഹംദിഹി** (അല്ലാഹുവിനെ സ്തുതിക്കുന്നതോടൊ പ്പം അവനെ ഞാൻ വാഴ്ത്തുന്നു) എന്ന് ഒരു ദിവസം നൂറ് തവണ പറഞ്ഞാൽ അവൻെറ പാപങ്ങൾ സമുദ്രത്തിലെ നുര കണക്കെയുള്ളതാണെങ്കിലും അത് പൊറുക്കപ്പെടുന്ന താണ് ’’ (മുസ്ലിം 6842)

**3. عن مصعب بن سعد ﷺ قال حدثني أبي قال كنا عند رسول الله ﷺ فقال أيعجز أحدكم أن يكسب كل يوم ألف حسنة ؟ فسأل سائل من جلسائه كيف يكسب أحدنا ألف حسنة ؟ قال: يسبح مائة تسبيحة فيكتب له ألف حسنة وتحط عنه ألف خطيئة (مسلم)**

3. മിസ്അബ് ബ്നു സഅദ് (റ) പറയുന്നു: എന്നോട് എൻെറ പിതാവ് ഇങ്ങനെ പറഞ്ഞു: ‘‘ഞങ്ങൾ ഒരിക്ക ൽ നബി(സ)യുടെ അടുക്കൽ ഇരിക്കവെ അദ്ദേഹം ചോദിച്ചു: നിങ്ങളിലൊരാൾക്ക് ദിവസം ആയിരം നന്മ പ്രവർത്തിക്കൽ പ്രയാസമാകുമോ ? കൂട്ടത്തിൽ ഒരാൾ പറഞ്ഞു: ആയിരം നന്മ പ്രവർത്തിക്കാൻ എങ്ങനെ സാധിക്കാനാണ്? അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങ

ൾ നൂറ് തവണ **സുബ്ഹാനല്ലാഹ്** എന്ന് പറയുക; അത് മൂലം നിങ്ങൾക്ക് ആയിരം നന്മ എഴുതപ്പെടുകയും അവൻെറ ആയിരം പാപം മായ്ക്കപ്പെടുകയും ചെയ്യു ന്നതാണ്'' (മുസ് ലിം 6852)

**4. عن أبي سعيد الخدري ﷺ قال، قال النبي ﷺ لأصحابه أيعجز أحدكم أن يقرأ ثلث القرآن في ليلة ؟ فشق ذلك عليهم وقالوا: أينا يطيق ذلك يا رسول الله ؟ فقال الله الواحد الصمد ثلث القرآن ( البخاري )**

4. അബൂ സഈദിൽ ഖുദ്രിയ്യ് (റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: ''നിങ്ങൾക്ക് ഒരു രാത്രിയിൽ ഖുർ ആനിൻെറ മൂന്നിലൊരു ഭാഗം ഓതാൻ പ്രയാസമാ കുമോ? അത് അവർക്ക് പ്രയാസമാവുകയും അവർ ഇങ്ങനെ പറയുകയും ചെയ്തു: നബിയേ, ആർക്ക് കഴിയാനാണ് അത്? അന്നേരം നബി (സ)പറഞ്ഞു: അല്ലാഹുൽ വാഹിദുസ്സമദ് (**ഖുൽ ഹുവല്ലാഹു അഹദ്** എന്ന് തുടങ്ങുന്ന സൂറത്തുൽ ഇഖ്ലാസ്) ഖുർആനി ൻെറ മൂന്നിലൊന്നാണ് !'' (ബുഖാരി 5015)

**5 ثلاثون آية شفعت لرجل حتى غفرله وهي سورة تبارك الذي بيده الملك (رواه الترمذي)**

5. അബൂ ഹുറൈറ(റ)വിൽ നിന്ന്: നബി (സ) പറഞ്ഞു: ''നിശ്ചയം മുപ്പത് ആയത്തുകൾ (വചനങ്ങൾ) ഉൾ ക്കൊള്ളുന്ന ഖുർആനിലെ ഒരു അദ്ധ്യായം (പാരായ ണം ചെയ്യുന്നവർക്ക്) പാപം പൊറുക്കപ്പെടുന്നത് വരെ ശുപാർശ ചെയ്യുന്നതായിരിക്കും; അത് **തബാറകല്ലദീ ബി യദിഹിൽ മുൽക്** എന്ന് തുടങ്ങുന്ന സൂറത്തുൽ മുൽക് ആണ്'' (തുർമുദി 2890)

**6. عن عبد الله بن مسعود ﷺ قال، قال رسول الله ﷺ من قرأ حرفا من كتاب الله فله به حسنة والحسنة بعشر أمثالها لا أقول الم حرف ولكن ألف حرف ولام حرف وميم حرف**

(رواه الترمذي)

6. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ)വിൽ നിന്ന്: നബി (സ) പറഞ്ഞു: ''വല്ലവനും ഖുർആനിൽ നിന്നും ഒരു അക്ഷരം പാരായണം ചെയ്താൽ അതിന് അവന് ഒരു നന്മ ലഭിക്കുന്നതാണ്. ആ നന്മ പത്ത് മടങ്ങായി വർദ്ധിപ്പിക്കുന്നതാണ്. അലിഫ്ലാംമീം എന്നത് ഒരു ഹർഫാണെന്ന് ഞാൻ പറയുന്നില്ല; അലിഫ് ഒരു ഹർഫാണ്, ലാം ഒരു ഹർഫാണ്, മീമ് മറ്റൊരു ഹർഫാണ്'' (തുർമുദി 2910)

## *6. ദാന ധർമ്മ ശ്രേഷ്ഠതകൾ*

1. عن صفوان بن سليم ﵁ عن النبي ﷺ قال الساعي على الأرملة والمسكين كالمجاهد في سبيل الله أو كالذي يصوم النهار ويقوم الليل ( البخاري)

1. സ്വഫ്വാനു ബ്നു സലീം(റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: ''അഗതികളുടേയും വിധവകളുടേയും കാര്യത്തിൽ പരിശ്രമിക്കുന്നവൻ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ധർമ്മസമരത്തിൽ ഏർപ്പെട്ടവനെപ്പോലെയോ അതല്ലെങ്കിൽ പകൽ നോമ്പനുഷ്ഠിക്കുകയും രാത്രി സുന്നത്തു നമസ്കരിക്കുന്നവനെ പോലെയുമാണ്'' (ബുഖാരി 6005)

2عن سهل بن سعد ﵁ عن النبي ﷺ أنا وكافل اليتيم في الجنة هكذا وقال بإصبعه السبابة والوسطى (رواه البخاري 6005)

2. സഹ്ലു ബ്നു സഅദ് (റ) വിൽ നിന്ന്: നബി(സ) പറഞ്ഞു:''ഞാനും അനാഥകളെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇപ്രകാരമായിരിക്കും. പ്രവാചകൻ ചൂണ്ടു വിരലും നടുവിരലും ഉയർത്തി കാണിച്ചുകൊണ്ടാണിത് പറഞ്ഞത്'' (ബുഖാരി 6005)

## *7. ധർമ്മ സമര ശ്രേഷ്ഠതകൾ*

1. عن سلمان ﵁ قال سمعت رسول الله ﷺ رباط يوم وليلة خير

من صيام شهر وقيامه وإن مات جرى عليه عمله الذي كان يعمله وأجرى عليه رزقه وأمن الفتان (رواه مسلم 4938)

1. സൽമാൻ (റ)വിൽ നിന്ന്: നബി(സ) പറ ഞ്ഞു: ‘‘ഒരു രാവും പകലും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ (ധർമ്മ സമരത്തിനായി) ഇറങ്ങൽ ഒരു മാസത്തെ നോമ്പും നമ സ്കാരവും നിർവ്വഹിക്കുന്നതിനേക്കാൾ ഉത്തമ മാണ്. അതിൽ അവൻ വധിക്കപ്പെട്ടാൽ അവൻെറ പ്രവ ർത്തനത്തിൽ അവൻ നിരതനായിരിക്കുന്നതാണ്; അവന് ഉപജീവനവും നൽകപ്പെടുന്നതാണ്. എല്ലാ വിധ നാശങ്ങളിൽ നിന്നും അവൻ സുരക്ഷിതനു മായിരിക്കും’’ (മുസ്ലിം 4938)

## 8. പ്രബോധന ശ്രേഷ്ഠതകൾ

قال من دعا إلى الهدى ﷺ أن رسول الله ﵁ 1. عن أبي هريرة كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من آثام مثل آثام من تبعه لا ينقص ذلك من أثامهم شيئا ( مسلم 6804)

1. അബൂഹുറൈറ(റ)വിൽ നിന്ന്: നബി(സ) പറഞ്ഞു: ‘‘വല്ലവനും സന്മാർഗ്ഗത്തിലേക്ക് (ഒരാളെ) ക്ഷണിച്ചാൽ അത് പിൻ പററി പ്രവർത്തിക്കുന്നവൻെറ പ്രതിഫലം അവന് ഒട്ടും കുറയാതെ തന്നെ അവനും (ക്ഷണി ച്ചവനും) ഉണ്ടായിരിക്കുന്നതാണ്. ഒരാൾ ഒരു ദുർമാർഗ്ഗ ത്തിലേക്ക് ക്ഷണിച്ചാൽ അത് പിൻപററിയവൻെറ കുററങ്ങൾ അവന് ഒട്ടും കുറയാതെ ക്ഷണിച്ചവനും ഉണ്ടായിരിക്കുന്നതാണ്’’ (മുസ്ലിം 6804)

സഹോദരന്മാരെ, ഫളാഇലുൽ അഅ്മാൽ (കർമ്മ ങ്ങളുടെ ശ്രേഷ്ഠതകൾ) എന്ന പേരിൽ ഹദീസുക ളിൽ സ്ഥിരപ്പെട്ടിട്ടില്ലാത്ത ഒരു പാട് കള്ളക്കഥകൾ പ്രവാ ചകൻ(സ) യുടെ പേരിൽ പോലും എഴുതി നിറച്ചുള്ള ഗ്രന്ഥങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ വഞ്ചിതരാകരുതെന്ന് ഓർമ്മപ്പെടുത്തുന്നു. തെളിവുകളുടെ പിൻബലമുള്ള അനേകം കർമ്മങ്ങളും

ദിക്റുകളും നമുക്ക് അനുകരിക്കാൻ നബി(സ) പ്രവർത്തിക്കുകയും അനുയായികളെ പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവക്കുള്ള ഏതാനും ഉദാഹരണങ്ങളാണ് നിങ്ങൾ ഈ കൃതിയിലൂടെ കണ്ടത്. അവയുൾക്കൊള്ളാൻ ശ്രമിക്കുക. ഏതൊരു കർമ്മവും സ്വീകരിക്കപ്പെടുക ആത്മാർത്ഥതയോടെയും, പ്രവാചകചര്യ പിന്തുടർന്ന് നിർവ്വഹിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് എന്ന പൊതുതത്വം ഏതൊരു കർമ്മത്തോടൊപ്പവും നാം ഓ ർത്തിരിക്കേണ്ടതാണ്. അപ്രകാരം തന്നെ നബി(സ)യുടെ പേരിൽ കളവ് പറയുന്നവർ നരകത്തിൽ തങ്ങളുടെ ഇരിപ്പിടം ഉറപ്പിച്ചുകൊള്ളട്ടെ എന്ന നബിവചനവും ഈ വിഷയകമായി നാം പ്രതേകം ഓർത്തിരിക്കേണ്ടതാണ്.

അല്ലാഹു പ്രവാചകചര്യ പിന്തുടർന്ന് ജീവിതം ക്രമപ്പെടുത്താൻ നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ)

**وصلى الله وسلم على نبينا محمد وآله وصحبه أجمعين**

...............................................................